LIBRARY ARCHIVES Kerala Legislative Assembly

മണ്ണാർക്കാട് വിദ്യാഭ്യാസ ഉപജില്ലാ ഓഫീസ് വിഭജിക്കാൻ നടപടി

69 [1473] ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് വിദ്യാഭ്യാസ ഉപജില്ലാ ഓഫീസ് വിഭജിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മണ്ണാർക്കാട് ഉപജില്ലയിലെ എൽ. പി., യു. പി., ഹൈസ്കൂൾ എന്നിവയുടെയും അദ്ധ്യാപക വിദ്യാർത്ഥികളുടെയും കണക്ക് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ വലിയ ഉപജില്ലകളിൽ ഒന്നായ മണ്ണാർക്കാട് വിദ്യാഭ്യാസ ഉപജില്ലയെ വിഭജിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(ഡി) എങ്കിൽ ഇതിനുള്ള നടപടി എന്നു മുതൽ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു †

(സി) & (ഡി) ഇക്കാര്യം പൊതു വിദ്യാഭ്യാസ ഡയറക്ടറുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

മുക്കം ആസ്ഥാനമാക്കി എ. ഇ. ഓഫീസ് രൂപീകരിക്കാൻ നടപടി

70 [1474] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം നിയോജകമണ്ഡലത്തിൽ മുക്കം ആസ്ഥാനമാക്കി എ. ഇ. ഓഫീസ് രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുവേണ്ടി സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

(സി) മുക്കം എ. ഇ. ഓഫീസ് എന്നേയ്ക്ക് യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) മുക്കം ആസ്ഥാനമാക്കി എ. ഇ. ഓഫീസ് രൂപീകരിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനം എടുത്തിട്ടില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.